# ഓളങ്ങൾ

## Digital Magazine

### GHS Meenadathur



# Table of Contents


ആമുഖം....3

സ്വപ്നം....4

ഒറ്റപ്പെടലിൽ നിന്നും....5

ഉയരങ്ങളിലേക്ക്....5

മലയാളത്തിന്റെ മാതൃക....6

ഉമ്മ....7

LOVE....8

ചിത്രങ്ങൾ....9

മഴയുടെ നിറഞ്ഞാട്ടം....18

പൂമ്പാറ്റയോട്....19

കോക്കിയും ഡക്കിയും....20

പ്രളയം....21

പുഷ്പം....21

രണ്ടു ചങ്ങാതിമാർ....22

തെറ്റിന്റെപ്രായശ്ചിത്തം....23

അഹങ്കാരിയായ മീൻ....24

# ആമുഖം

ഈ അധ്യയന വർഷം ഒരു കൊച്ചു ഡിജിറ്റൽ മാഗസിനുമായി ഹൈ ടെക് പദ്ധതിയുടെ ഉയരങ്ങളിലേക്ക് എത്തുകയാണ് .വികാസസനോന്മുഖമായ സ്കൂൾ പ്രവർത്തനങ്ങളിൽ നമ്മുടെ കൊച്ചു കുട്ടികൾക്ക് ഈ ഡിജിറ്റൽ മാഗസിൻ ഒരു പ്രചോദനമാകും എന്ന് പ്രതീക്ഷിക്കുന്നു .നൂതനമായ സാങ്കേതിക വിദ്യയുടെ ഉന്നതിയിൽ എത്തിച്ചേരാൻ നമ്മുടെ കുട്ടികൾക്ക് കഴിയുമാറാകട്ടെ .ഈ ഡിജിറ്റൽ മാഗസിന് സർവ്വ വിധ മംഗളങ്ങളും ആശംസിക്കുന്നു .

ഹെഡ് മിസ്ട്രസ്

മിനികുമാരി.ആർ

# സ്വപ്നം

കനിവിന്റെ കടമിന്നു പെരുകുന്നെൻ വിധിയിൽ
കനവിന്റെ കടങ്കഥ തുടരുന്നെൻ വീഥിയിൽ.
മനസ്സാമരക്കില്ല മൃദുകം വിലോലം
പുതുരൂപ മാർന്നതി സാന്ദ്രമേതോ
മിഴിനീർ പുഴകളെ നേർത്തതാക്കാൻ.

എങ്ങാണ് പോകുന്നു നീ പ്രിയനേ
യെങ്ങാണ് പോകുന്നു നീ?

കളി തീർന്നില്ലിനിയും അരുമയാം
ജീവന്റെ തേജസ്സിലലിയുവാൻ
അതിശ്രദ്ധമലയുന്ന ബാലയായ് നീ.
നിൻ വഴിത്താരയിൽ എന്നാൽമ ദീപകം
ഒരു മൺ ചിരാതായ് തെളിഞ്ഞുവെന്നോ?

തീരാത്ത സ്വപ്നത്തിൻ സ്വർണ്ണ സിംഹാസനം
തേടി നീ തുടരുന്ന യാത്രയാലേ,
ഭീമമായ് പെരുകുന്നൊരകലങ്ങൾ താണ്ടുവാൻ
സ്വപ്നത്തിൻ തേരേറി ഞാനുമെത്തും .
ഒരു ചിറകു നിദ്ര തൻ ആഴങ്ങൾ തേടുന്നു
മറു ചിറകോ സ്വപ്നത്തിൻ തീരങ്ങളും.

നീ നിന്റെ മാസ്മര വയലിനിൽ തഴുകീ
തഴുകീയുണർത്തിയ കാതുകളെല്ലാം
അന്ധമാം ശൂന്യതയിൽ അലയുന്നൂ വൃഥാ
തിരയുന്നു ദീപ്തമാം നാദങ്ങളെ .

സംഗീത യാത്രയിൽ പുതുവഴികൾ തീർത്ത നീ ,
തിരികെയതി ധ്രുതം അണയുന്ന യാമത്തിൻ
ആഘോഷ ഹാരങ്ങൾ കോർത്തു ഞാൻ കനവിന്റെ
പടിവാതിലിൽ വന്നു കാത്തു നിൽപ്പൂ.
ഇന്നോളം കേൾക്കാത്തൊരതിസാന്ദ്ര
ഗാനമായ് അരുമയാം മകളുമായ് നീയണഞ്ഞാൽ,
അണയുന്ന ദുഖത്തിൻ പാഴിരുൾ തൂത്തു
ഞാനാനന്ദ ദീപം തെളിച്ചു വെക്കും.
അതുവരെ മിഴിനീരിന്നാഴികൾക്കുള്ളിൽ നിൻ
നിനവുകൾക്കെന്നും കൂട്ടിരിക്കും ,
നിലാവു തേടുന്നൊരിരുളായിട്ടും .

M.R.സജീഷ്

# ഒറ്റപ്പെടലിൽ നിന്നും

# ഉയരങ്ങളിലേക്ക്

അധികം കൂട്ടുകാരൊന്നും ഇല്ലാത്ത ഒരു പാവം കുട്ടിയായിരുന്നു അഞ്ചന.അവൾ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്.അധികമായി ആരോടും സംസാരിക്കാൻ അവൾ താത്പര്യം കാണിച്ചിരുന്നില്ല.

പഠനത്തിലും അവൾ ഒട്ടും ശ്രദ്ധിച്ചിരുന്നില്ല. അവൾക്ക്  ആകെ തുണയായിയുണ്ടായിരുന്നത് അമ്മ മാത്രമാണ്.തന്റെ അമ്മയെ അവൾ ഒരിക്കൽ പോലും പിരിഞ്ഞിരുന്നിട്ടില്ല.അത് അവൾക്ക് സാധിക്കുകയും ഇല്ലായിരുന്നു.കാരണം അവൾക്ക് അമ്മയോടും അമ്മയ്ക്ക് അവളോടും സ്നേഹമായിരുന്നു.അവൾ നന്നായി പഠിച്ച് ഒരു ജോലി വാങ്ങിക്കണം എന്നാണ് അവളുടെ അമ്മ ആഗ്രഹിച്ചിരുന്നത്.എന്നാൽ അവൾ പഠനത്തിൽ ഒട്ടും ശ്രദ്ദിച്ചിരുന്നില്ല.ആരോടും കൂട്ടുകൂടാത്തതിനാൽ അവൾ എപ്പോഴും തനിച്ചായിരുന്നു.ആ ഒറ്റപെടലിൽ അവൾക്ക് ആശ്വസം അമ്മയായിരുന്നു.

# മലയാളത്തിന്റെ മാതൃക

ഒത്തിരികാലമായി പോകുന്ന വഴിയെല്ലാം
കണ്ടുമടുത്തുപോൽ മാറിയൊഴുകിയും
നിന്നു മടുത്തു കഴച്ചകാൽ ഒന്നു
മാറ്റിചവിട്ടാൻ ശ്രമിച്ച മലകളും
പേമാരി പെയ്ത രാത്രിയിൽ
രക്ഷക്കായ് ഓടി മനുഷ്യരും സഹജീവികളും
ഒന്നുമല്ല നമ്മൾ എന്നറിഞ്ഞനേരത്ത്
ഒന്നിച്ചു നിന്നു മലയാളമാകെ

സാഷ്ടാംഗം ചെയ്യുന്നോരിടത്തിലും
ആശ്വാസകേന്ദ്രങ്ങൾ തുറന്നിടുന്നു.
ക്ഷേത്രമുറ്റങ്ങൾ സാഷ്ടാംഗം ചെയ്യുവാൻ
സോദരങ്ങൾക്കായി തുറന്നിടുന്നു
മനുഷ്യ സൗഹാർദത്തിൽ കോട്ടകൾ കെട്ടിയ
മലയാള മണ്ണിന്റെ മാതൃകയെ
തച്ചുതകർക്കുവാൻ കോപ്പുകൂട്ടുന്ന
കശ്മല സംഘത്തെ തകർത്തെറിയൂ

-ഹന്ന ബർക്കത്ത്
8-B

# ഉമ്മ

ഒരു വിശാലമായ സ്ഥലത്ത് ഒരു വീട്ടിൽ ഒരുമ്മയും മകനും ജീവിച്ചിരുന്നു . മകനെ ആ ഉമ്മ നല്ല  രീതിയിൽ  വളർത്തി വലുതാക്കി കുറെക്കാലം അവർ സന്തോഷത്തോടെ ജീവിച്ചു .

അതിനിടയിൽ ആ ഉമ്മയും മകനും പിണക്കത്തിലായി . ആമകൻ ഉമ്മയെ ആക്രമിച്ചുകൊണ്ട്  വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി. ആ പാവം ഉമ്മയുടെ മനസ്സ് തകർന്നുപ്പോയി. ഇത്ര കാലം അവനെ ഞാൻ  വളർത്തി.  എന്നിട്ട്  അവൻ  എന്നെ ഒറ്റക്കാക്കി പോയാലോ എന്ന ദുഖം  ആ ഉമ്മയെ തളർത്തി .അങ്ങനെ അവൻ നാടും വീടും വിട്ട് കൊണ്ട് ഒരു വാടക വീട്ടിൽ താമസം തുടങ്ങി. പിന്നീട് കുറെ കാലം അവന്റെ മനസ്സ് തെളിഞ്ഞു. അപ്പോൾ അവൻ  അവന്റെ ഉമ്മയെ കാണാൻ ആഗ്രഹിച്ചു . പാവം എന്റെ ഉമ്മ തനിച്ച് ആയിരിക്കും.

അവന്റെ കണ്ണുകൾ നീരുറ്റി . അവൻ തിരികെ ഉമ്മയുടെ വീട്ടിലെത്തി .അവൻ ഇല്ലെങ്കിലും അവിടെ നിറയെ ആളുകൾ ഉണ്ടായിരുന്നു .

# LOVE


love which listens,to the heart
can't obey to anything else
love which demands at most cave
can't bear being questioned its loyally

it's not a smooth ride;
when it comes to love
without separation
you can't garage
the depth of love

love is like that sky
but tears are like those rain clouds

-SHAMS AHSAN
10-B

# ചിത്രങ്ങൾ




Scanned by CamScanner

Jadiya -M


VIII$^{th}$ B



Scanned by CamScanner




Scanned by CamScanner



മുഹമ്മദ് ഹിഷാം - I III 5

Scanned by CamScanner



Scanned by CamScanner



Scanned by CamScanner




Scanned by CamScanner




Scanned by CamScanner




Scanned by CamScanner

# മഴയുടെ നിറഞ്ഞാട്ടം

കേരളം കണ്ട അതിഭീകരമായ പ്രകൃതിക്ഷോഭമാണ് പ്രളയം.പ്രകൃതി ഭംഗിയിൽ നിറഞ്ഞിരുന്ന നമ്മുടെ ചില ജില്ലകളിലെ ഗ്രാമങ്ങളെ പ്രളയം എന്ന അപരിചിതൻ വന്ന് ആ ഭംഗി തല്ലിക്കെടുത്തി.പ്രളയം കൊന്നൊടുക്കിയ കേരളത്തിന്റെ ഒന്നാം ജന്മദിനമാണിത്.പ്രളയം ഒരുപാട് നാശനഷ്ടങ്ങൾ വരുത്തിയെങ്കിലും അതിലുപരി ഒരുപാട് പാഠങ്ങൾ പഠിപ്പിക്കുകയും ചെയ്തു.ജാതിമതാഭേദമന്യേ എന്ന ആശയം നമ്മെ പഠിപ്പിച്ചാണ് പ്രളയം മടങ്ങിയത്.കെട്ടിടങ്ങളും ഗോപുരങ്ങളും അമ്മയായ കേരളത്തിന്റെ മാറിൽ തറച്ചുകയറിയപ്പോൾ അറിഞ്ഞില്ല അമ്മയ്ക്കും നോവുമെന്ന്.ഉയർന്നവരും താഴ്ന്നവരും പ്രളയക്കെടുതിയിൽ ഒന്നായി.മനസ്നേഹബന്ധം പുലർത്തികൊണ്ട് പകുതി ദുരന്തത്തെ കേരളത്തിൽ നിന്നും ഇല്ലാതെയാക്കി.മറ്റു സംസ്ഥാനങ്ങൾക്കു മുന്നിൽ തലകുനിക്കാതെ കേരളം തലയുയർത്തി.നഷ്ടപ്പെട്ടതെല്ലാം തിരികെ കൊണ്ടുവന്നു.വിദ്യാർത്ഥികൾക്ക് മുന്നിൽ പുതിയൊരു അധ്യായമായി പ്രളയം മാറി.ചെറിയൊരു മഴയിൽ തുടങ്ങി പിന്നീട് വലിയ ഒരു ദുരന്തത്തിലേക്ക് വഴിയൊരുക്കി.കേരളത്തിന്റെ പച്ചപ്പാർന്ന മാറിൽ ഇതൊരു തീരാനൊമ്പരമായി മാറി.

-നിഹാല ഷെറിൻ
10-B

# പൂമ്പാറ്റയോട്

പൂവിനു ചുറ്റും ചുറ്റിപ്പറ്റി-
പാറിനടക്കും പൂമ്പാറ്റെ
പുലരാൻ കാലം പൂമധുതേടി
പാറിവരുന്നൊരു പൂമ്പാറ്റെ
പൂമധുവുണ്ട് പറക്കുന്നേരം
കുഞ്ഞിപ്പൂവിനെ ഓർത്തിടുമോ?
തേൻ കഞ്ഞി കുടിച്ചത്
ഓർത്തീടുമോ?

അനന്യ.കെ.പി
3- b

# കോക്കിയും ഡക്കിയും

കോക്കിക്കോഴിക്ക് ദേഹം വേദന.മരുന്ന് വാങ്ങാൻ അക്കരെ പോകണം .അവൾ പുഴക്കരയിൽ ചെന്ന് ചെങ്ങാതിയായ ഡക്കി താറാവിനെ വിളിച്ചു :ഡക്കീ, അക്കരെ ചെന്ന് നീ എനിക്ക് മരുന്ന് വാങ്ങിവരാമോ? ഹും എനിക്കൊന്നും വയ്യ കോക്കി എന്ന് പറഞ്ഞ് ഡക്കി ഒറ്റപ്പോക്ക്.കോക്കിക്ക് സങ്കടമായി. അപ്പോഴാണ് മുതലമുത്തശ്ശൻ അവിടെ എത്തിയത്.കോക്കിയുടെ സങ്കടം കേട്ട് മുതലമുത്തശ്ശൻ അക്കരെ ചെന്ന് വൈദ്യരെ കണ്ട് മരുന്ന് വാങ്ങി കോക്കിക്ക് നൽകി.മരുന്ന് തേച്ച് കോക്കിയുടെ ദേഹവേദന പമ്പകടന്നു.കോക്കി,മുതലമുത്തശ്ശന് നല്ല ഒന്നാന്തരം അത്തിപ്പഴങ്ങൾ സമ്മാനം കൊടുത്തു

"പരസ്പരം സഹായിക്കാത്തവർ നല്ല ചങ്ങാതിമാരല്ല."

## പ്രളയം

വെള്ളമെന്ന ദ്രാവകം
അമൂല്യമായ അനുഗ്രഹം
ഏറിയാൽ പ്രളയം
കുറഞ്ഞാൽ വരൾച്ചയും
പാഴാക്കാതെ സൂക്ഷിക്കൽ
നമ്മുടെ കർത്തവ്യം

## പുഷ്പം

പുഞ്ചിരി തൂകി നിൽക്കു
എൻ പ്രിയ പുഷ്പമേ
സ്നേഹാടയാളമായ്
എൻ പ്രിയ സ്നേഹിതനായ്
മനസ്സിൽ കാന്തിയായ്
ശോഭയായ് സുഗന്ധമായ്
നിറമായ് പ്രകാശമായ്
നിനക്കാരു നൽകീയീ
സുമസൗഭാഗ്യമായ്......

ഷഹാന ഷെറിൻ......3-C

# രണ്ടു ചങ്ങാതിമാർ

രണ്ട് ചങ്ങാതിമാർ കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു കരടി അവർക്ക് മുന്നിലേക്ക് ചാടിവീണത്.അതുകണ്ട് കൂട്ടുകാരിൽ ഒരാൾ ഓടി ഒരു മരത്തിനു മുകളിൽ
കയറി ഒളിച്ചിരുന്നു. മറ്റെയാൾക്ക് മരം കയറാൻ അറിയാത്തതിനാൽ എന്തു ചെയ്യണമെന്നറിയാതെ നിന്നു അപ്പോഴാണ് അയാൾക്ക് ഒരു ഉപായം തോന്നിയത് അയാൾ നിലത്ത് മരിച്ചപോലെ കിടന്നു.

കരടി നിലത്ത് കിടന്ന ആളിന്റെ അരികിലെത്തി മണം പിടിച്ചു.അയാൾ ശ്വാസം അടക്കി പിടിച്ച് കിടന്നു.മുഖം മണപ്പിച്ചു നോക്കിയപ്പോൾ മരിച്ചതായി തോന്നിയതിനാൽ കരടി തിരിച്ചു പോയി .

അപ്പോൾ മരത്തിനു മുകളിൽ നിന്ന് മറ്റെ ചങ്ങാതി ഇറങ്ങി വന്ന് ചിരിച്ചുകൊണ്ട് ചോദിച്ചു
'ചങ്ങാതി ..... എന്താണ് ആ കരടി നിന്റെ ചെവിയിൽ പറഞ്ഞത്?'
''ഓ..... അതോ... ആ കരടി പറഞ്ഞു ആപത്തിൽ സഹായിക്കാത്തവൻ ചങ്ങതിയല്ല ''

ഫാത്തിമ മിൻഹ ഒ.പി .

# തെറ്റിന്റെ പ്രായശ്ചിത്തം

ഒരു ദിവസം ഒരു വീടിന്റെ പുറത്ത് നിന്ന് വാതിൽ മുട്ടുന്നു.അതിന്റെ ശബ്ദം ടും...ടും..ഉള്ളിൽ നിന്ന് വാതിൽ തുറന്നപ്പോൾ ഒരു മുസ്ലിം ആയ മനു ഷ്യനെ കണ്ടു.ആ മനുഷ്യന് ചോദിച്ചു:നിങ്ങൾ ആരാണ് ? നിങ്ങളുടെ പേരെന്താണ് ? അപ്പോൾ അയാൾ പറഞ്ഞു : എന്റെ പേര് ജമാൽ ഞാൻ ഒരു കാര്യം പറയാൻ വന്നതാണ്. എന്തെന്നാൽ താങ്ങളുടെ തോട്ടമല്ലാതെ വേറെആരുടെയെങ്കിലും തോട്ടം ഇവിടെ ഉണ്ടോ? ആ മനുഷ്യൻ ചോദിച്ചു ഇല്ല എന്താ കാരണം ? അപ്പോൾ ജമാൽ പറഞ്ഞു എനിക്ക് പുഴയിൽ നിന്ന് ഒരു ആപ്പിൾ കിട്ടി. അത് കഴിക്കാൻ തുടങ്ങിയപ്പോഴാണ് അതിന്റെ ഉടമസ്ഥനെക്കുറിച്ചോർത്തത് . ഉടമസ്ഥന്റെ അനുവാദം കൂടാതെയാണല്ലോ അത് കഴിച്ചത് ഇത് താങ്ങളുടെ ആപ്പിൾ ആണെങ്കിൽ എനിക്ക് മാപ്പ് നൽകണം ഇതുകേട്ട ആ മനുഷ്യൻ പറഞ്ഞു : ഞാൻ നിങ്ങൾക്ക് മാപ്പ് നൽകാം.പക്ഷെ ഞാൻ പറയുന്നത് നിങ്ങൾ അനുസരിക്കണം.അപ്പോൾ ജമാൽ പറഞ്ഞു: ഞാൻ ചെയ്ത തെറ്റിന് പ്രായശ്ചിത്തം ചെയാൻ ഞാൻ തയ്യാറാണ്.അപ്പോൾ അദ്ദേഹം പറഞ്ഞു നിങ്ങൾ എന്റെ തോട്ടത്തിൽ ജോലി ചെയ്യണം.കൂടാതെ എന്റെ മകളെ വിവാഹം ചെയണം.പക്ഷെ എന്റെ മകൾക്ക് കണ്ണു കാണാനോ സംസാരിക്കാനോ കേൾക്കാനോ കഴിയില്ല.അപ്പോൾ ജമാൽ പറഞ്ഞു:ഞാൻ എന്തിനും തയ്യാറാണ്.അങ്ങനെ ജമാൽ കുറച്ച് ദിവസം തോട്ടത്തിൽ ജോലി ചെയ്തു.ആ മനുഷ്യൻ വന്നു പറഞ്ഞു:ഇന്ന് നമ്മുടെ കരാർ തീരുന്ന ദിവസമാണ് പക്ഷെ എന്റെ മകളുമായുള്ള വിവാഹം ബാക്കിയുണ്ട്.അയാൾ തന്റെ മകൾ സുമയ്യയോട് ചോദിച്ചു : ജമാലിനെ വിവാഹം കഴിക്കാൻ തയ്യാറാണോ എന്ന് . ആ തയാറാണ് . ആ മനുഷ്യൻ പറഞ്ഞു എന്റെ സൊത്തെലാം ഇനി നിങ്ങൾ രണ്ട് പേർക്കാണ് .

സൂഫിയാൻ .കെ.പി

7-d

# അഹങ്കാരിയായ മീൻ

ഒരു കുളത്തിൽ ഒരു സുന്ദരിയായ മീൻ താമസിച്ചിരുന്നു. അവൾക്ക് മറ്റുള്ള മീനുകളോട് പുച്ഛമായിരുന്നു. സമയം കിട്ടുമ്പോൾ മറ്റു മീനുകളേ കളിയാക്കുമായിരുന്നു. ഒരിക്കൽ അവിടേക്ക് മീൻപിടുത്തക്കാർ വന്നു. അത് മീനുകൾ കണ്ടു.മീനുകൾ ആ അഹങ്കാരിയായ മീനിനോട് പറഞ്ഞു വേഗം ഇവിടേനിന്ന് മറ്റൊരിടത്തേക്ക് പോകാൻ എന്ന്. പക്ഷെ ആ മീൻ അവരോട് പറഞ്ഞു ഞാൻ നിങ്ങളെ പോലെ ഭീരുവല്ല. നിങ്ങൾ പൊയ്ക്കോളു ഞാൻ ഇവിടെ നിൽക്കുകയാണ്. മീനുകൾ പറഞ്ഞു ശരി ഞങ്ങൾ പോവുകയാണ്. മീൻപിടുത്തക്കാർ വെള്ളത്തിലേക്ക് വല എറിഞ്ഞു. ആ അഹങ്കാരിയായ മീൻ വലയിൽ കുടുങ്ങി.ആ മീൻ നിലവിളിച്ചു. രക്ഷിക്കണേ....രക്ഷിക്കണേ.... മറ്റു മീനുകൾ അത് കണ്ടു അവളെ രക്ഷിക്കാൻ വേണ്ടി വന്നു. അവർ അവളെ രക്ഷിച്ചു.

നന്ദി സുഹൃത്തുക്കളെ... ഞാൻ എന്റസൗന്ദര്യത്തിൽ അഹങ്കരിച്ചു.നിങ്ങൾ എന്നോട് ശമിക്കണം.

ദേവനന്ദ.

2B

ലിറ്റിൽ കൈറ്റ്സ്  ഡിജിറ്റൽ മാഗസിൻ പൂർത്തീകരണത്തിന് വേണ്ടി പ്രവർത്തിച്ച എല്ലാ കൈറ്റ്സ്  അംഗങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

രോഹിണി പി